# കേരള കാർഷികസർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

കാസറഗോഡ്–671310, 0467 226 0632, rarspil@kau.in


ബി2-567/2026 (ii) തീയതി: 30.01.2026

## ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2026 ഫെബ്രുവരി 22 മുതൽ മാർച്ച് 8 വരെ നടത്തുന്ന 'ആർ.എ.ആർ.എസ് ഫാം കാർണിവൽ -2026' എന്ന പ്രദർശന മേളയുടെ ഭാഗമായി സന്ദർശകർക്കായി ഐസ്ക്രീം സ്റ്റാളുകൾ ഏറ്റെടുത്ത് നടത്തുന്നതിന് സ്ഥാപനങ്ങൾ/ വ്യക്തികൾ/ സ്വാശ്രയ സംഘങ്ങൾ എന്നിവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **ബി2-567/2026** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയ്യതി | **11.02.2026 ഉച്ചയ്ക്ക് 12.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **11.02.2026 ഉച്ചയ്ക്ക് 12.30 മണി** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| നിരത ദ്രവ്യം | **1500/- രൂപ** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **"ഐസ്ക്രീം സ്റ്റാളുകൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ദർഘാസ്"** |

- **"ഐസ്ക്രീം സ്റ്റാളുകൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ദർഘാസ്"** എന്ന പുറത്തെഴുത്ത് രേഖപ്പെടുത്തിയ ദർഘാസ് **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** എന്ന വിലാസത്തിൽ **11.02.2026** ന് 12.00 മണിക്ക് മുമ്പായി എത്തിക്കേണ്ടതോ അയക്കേണ്ടതോ ആണ്. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ അന്നേ ദിവസം 12.30 -ന് തുറക്കുന്നതായിരിക്കും.
- **സ്റ്റാളുകളുടെ എണ്ണം, വിവിധ ഐസ്ക്രീമുകളുടെ നിരക്കുകൾ എന്നിവ പ്രത്യേകം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 1500/- രൂപ നിരത ദ്രവ്യം അടയ്ക്കേണ്ടതാണ്.**
- ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
- ഐസ്ക്രീം വിതരണം ചെയ്യുമ്പോൾ എല്ലാവിധ ശുചിത്വ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.
- വിജയിക്കുന്ന ദർഘാസുകാരൻ ആകെ തുകയുടെ 5% സെക്യൂരിറ്റി അടയ്ക്കേണ്ടതും, 200/- രൂപ മുദ്രപത്രത്തിൽ ഒരു കരാർ എഴുതിത്തരേണ്ടതുമാണ്.
- ഹരിത പ്രോട്ടോക്കോൾ പാലിച്ച് ജൈവ/അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

➢ ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9447333968.

ഒപ്പ്/-

ഡോ.വനജ.ടി

അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
2. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
3. ഡോ.രാജേഷ് കുമാർ.പി.പി, അസിസ്റ്റന്റ് പ്രൊഫസർ (ദിവസവേതനം)

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ